പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 182 19-06-2012 ന് മറുപടിയ്ക്ക്

## സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. പി.സി. ജോർജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) സ്വയംസന്നദ്ധത പുനരധിവാസ പദ്ധതി എന്നാണ് പ്രഖ്യാപിച്ചത് ; ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | എ) സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിക്കുള്ള മാർഗ്ഗരേഖ കടുവാ സങ്കേതങ്ങൾക്ക് 21.2.2008 ലും മറ്റ് സംരക്ഷിത മേഖലകൾക്ക് ജനുവരി 2009 ലും ആണ് കേന്ദ്ര സർക്കാർ പുറത്തിറക്കിയത്.<br>കടുവാ സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, മറ്റ് വന്യമൃഗ സങ്കേതങ്ങൾ എന്നിവിടങ്ങളിൽ അലംഘനീയ ആവാസ വ്യവസ്ഥ ഒരുക്കുന്നതിന് അവയുടെ സുപ്രധാന ഭാഗങ്ങളിൽ നിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |

| | |
|---|---|
| ബി) പ്രസ്തുത പദ്ധതി പ്രകാരം പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കുന്നതെന്ന് അറിയിക്കാമോ ; | ബി) പ്രസ്തുത പദ്ധതിയിൽ ഓപ്ഷൻ I, ഓപ്ഷൻ II എന്നീ പുനരധിവാസ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഓപ്ഷൻ I അനുസരിച്ച് വനം വകുപ്പിന്റെ മാറ്റിപ്പാർപ്പിക്കൽ, പുനരധിവാസം ഇല്ലാതെ ഓരോ അർഹതപ്പെട്ട കുടുംബവും 10 ലക്ഷം രൂപ സ്വീകരിച്ച് സ്വയം ഒഴിഞ്ഞ് പോകേണ്ടതാണ്. ഓപ്ഷൻ II അനുസരിച്ച് പുനരധിവാസ പദ്ധതിയിലെ ഒഴിഞ്ഞുപോകുന്ന ഓരോ അർഹതപ്പെട്ട കുടുംബത്തിനും 10 ലക്ഷം രൂപാ നിരക്കിൽ ചിലവിട്ട് കൃഷിഭൂമിയും വീടും സൗകര്യങ്ങളും മറ്റ് ആനുകൂല്യങ്ങളും വനം വകുപ്പ് തരപ്പെടുത്തി പുനരധിവസിപ്പിക്കേണ്ടതാണ്. |
| സി) ഈ പദ്ധതി പ്രകാരം ഇതിനോടകം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ? | സി) 59 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിലെ<br>ഗോളൂർ - അമ്മവയൽ - 49<br>കൊട്ടങ്കര - 7<br>മലബാർ വന്യജീവി സങ്കേതം - 3<br>കോഴിക്കോട് |

സെക്ഷൻ ഓഫീസർ